**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 901** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പേരാമ്പ്ര ആവളപ്പാണ്ടിയിലെ കൃഷിയിടങ്ങളിലെ വെള്ളക്കെട്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഫാത്തിമ തഹിലിയ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പേരാമ്പ്ര നിയോജകമണ്ഡലത്തിലെ വിവിധ കൃഷിയിടങ്ങളിലും പറമ്പുകളിലും മഴക്കാലത്ത് ജലനിരപ്പ് ഉയർന്ന് വെള്ളം കയറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** കൃഷിയിടങ്ങളിലേക്ക് വെള്ളം കയറുന്നത് തടയുന്നതിനായി തോടുകൾ, കനാലുകൾ, നീർച്ചാലുകൾ എന്നിവയുടെ ആഴം കൂട്ടുന്നതിനും ശുചീകരിക്കുന്നതിനും സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനും ഇറിഗേഷൻ വകുപ്പ് മുഖേന പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കുറ്റ്യാടി ജലസേചന പദ്ധതിയുടെ കീഴിലുള്ള കനാലുകളിൽ ഒലിച്ചിറങ്ങുന്ന മണ്ണും ചെളിയും നീക്കം ചെയ്ത് കനാലുകളിലൂടെയുള്ള നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികളും കനാലുകളുടെ വെള്ളം ചോരുന്നത് തടയാൻ കനാൽ ലൈനിങ് പ്രവൃത്തികളും കനാലുകളുടെ സംരക്ഷണഭിത്തി ശക്തിപ്പെടുത്തുന്ന പ്രവൃത്തികളും ഫണ്ടിന്റെ ലഭ്യതയും അടിയന്തര പ്രാധാന്യവും കണക്കിലെടുത്ത് വർഷം തോറും ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ കൃഷിയിടങ്ങളിലേക്ക് വെള്ളം കയറുന്നത് തടയുന്നതിനായി തോടുകൾ, കനാലുകൾ, നീർച്ചാലുകൾ എന്നിവയുടെ ആഴം കൂട്ടുന്നതിനും ശുചീകരിക്കുന്നതിനും, സംരക്ഷണഭിത്തികൾ നിർമ്മിക്കുന്നതിനുമായി ഇറിഗേഷൻ വകുപ്പ് മുഖേന പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

**(സി)** ആവളപ്പാണ്ടിയിലെ വെള്ളക്കെട്ടിനും കൃഷിയിടങ്ങളിലേക്ക് വെള്ളം കയറുന്നതിനും കാരണമാകുന്ന തോടുകൾ, നീർച്ചാലുകൾ, കനാലുകൾ എന്നിവയുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്.

പേരാമ്പ്ര മണ്ഡലത്തിലെ ആവളപാണ്ടി പാടശേഖരത്തിലെ കൃഷിയിടങ്ങളിലേയ്ക്കു വെള്ളം കയറുന്നതു തടയുന്നതിനായി കുറ്റിയോട്ടുനട മുതൽ കാരയിൽനട വരെയുള്ള ഭാഗത്തെ മെയിൻ തോടിലെ ചെളി നീക്കം ചെയ്യുന്നതിനും കാട് വെട്ടിമാറ്റുന്നതിനുമായി "***GENERAL-Monsoon Preparedness 2026-Clearing jungle and desiltation of main thodu in Avalappandi Padasekharam from***

***Kuttiyottunada to Karayil nada in Cheruvannur Panchayath, Perambra LAC, Kozhikode District-General Civil Work***” എന്ന പേരിൽ 8.00 ലക്ഷം രൂപ തുക വരുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. കൂടാതെ ആവളപ്പാണ്ടി പാടശേഖരത്തിൽ കാരയിൽനട മുതൽ നങ്ങോത്തു താഴ വരെ തോടിലെ കാട് വെട്ടി മാറ്റി ചെളി നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിനായി ***92.20 ലക്ഷം രൂപ തുക*** വരുന്ന “***GENERAL-Desilting of Naduthodu at Avalappandy Padasekharam-and clearing pandhas from Karayil nada to Nangoth tazha in Cheruvannur Panchayath, Perambra LAC, Kozhikode District-General Civil Work”*** എന്ന പ്രവൃത്തി 2027-28 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഇടതുകര മെയിൻ കനാലിൽ വാല്യക്കോട് മുതൽ 3.5 കി.മീറ്ററോളം മൺകനാലുകളാണ്. ജലവിതരണ സമയത്ത് മാസങ്ങളോളം മെയിൻ കനാലിൽ പൂർണ്ണമായും വെള്ളം ഉള്ളതിനാൽ പ്രസ്തുത ഭാഗങ്ങളിൽ കനാൽ ജലം ഊർന്നിറങ്ങി സമീപത്തെ തോടുകളിൽ ജലനിരപ്പ് ഉയരാറുണ്ട്. ഈ ജലനിരപ്പ് ആവളപ്പാണ്ടി കൃഷിയിടത്തേക്കാൾ ഉയരുന്ന സമയത്ത് പ്രസ്തുത ഭാഗങ്ങളിലെ തോട്ടിലെ ജലം പാടങ്ങളിലേക്ക് കയറാറുണ്ട്. മെയിൻ കനാൽ ജലവിതരണം മുടക്കാൻ പറ്റാത്ത സാഹചര്യത്തിൽ പ്രസ്തുത ഭാഗങ്ങളിലെ മൺ കനാലുകൾ കോൺക്രീറ്റ് ഉപയോഗിച്ച് ലൈനിംഗ് ചെയ്താൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (Lakhs) | റിമാർക്സ് |
|---|---|---|---|
| 1 | കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുനിസിപ്പാലിറ്റി, അരിക്കുളം, നടുവണ്ണൂർ പഞ്ചായത്തുകളിലെ വെളിയന്നൂർ ചെല്ലി പാടശേഖരത്തിന്റെ വികസന പദ്ധതി(നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പുനരുദ്ധാരണം ഉൾപ്പെടെ) | 2070.00 | പ്രവൃത്തി പുരോഗമിക്കുന്നു |
| 2. | ആർ.ഇ.എൽ.ഐ.എസ് - എൽ ഐ സ്കീം പുനരുജ്ജീവനം - കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കരുവോട്ടുചിറ എൽ ഐ സ്കീം നവീകരണം നടുത്തോട് ചെളി നീക്കം ചെയ്യലും പമ്പ് സെറ്റ് അറ്റകുറ്റ പണിയും ഉൾപ്പെടെ | 13.57 | പ്രവൃത്തി പുരോഗമിക്കുന്നു |
| 3 | കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കീഴരിയൂർ പഞ്ചായത്തിലെ കേളോത്ത് താഴ ഉപ്പുവെള്ള പ്രതിരോധ തടയണയുടെ പുനർ നിർമാണവും ബണ്ടിന്റെ പുനരുദ്ധാരണവും | 20.00 | പ്രവൃത്തി പുരോഗമിക്കുന്നു |
| 4 | ഡെപ്പോസിറ്റ് -കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കീഴരിയൂർ പഞ്ചായത്തിലെ നടക്കൽ SWE/VCB യുടെ മെക്കാനിക്കൽ ഷട്ടർനിർമ്മാണം | 32.00 | പ്രവൃത്തി പുരോഗമിക്കുന്നു |

Sandhya
സെക്ഷൻ ഓഫീസർ